# കില
## വാർത്താപത്രിക

VOLUME - 7
ISSUE - 6
JUNE 2014

kila@kilaonline.org | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kilaonline.org




കേരളത്തിലെ ഗ്രാമസഭകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ.**എം.കെ. മുനീർ** ഗ്രാമഗ്രാമാന്തരങ്ങളിലൂടെ നടത്തിയ ഗ്രാമയാത്രയുടെ സി.ഡി പ്രകാശനം ഗ്രാമപഞ്ചായത്ത് അസോസിയേഷൻ സംസ്ഥാനപ്രസിഡന്റ് **പി.ടി മാത്യു**വിനു നൽകി മന്ത്രി നിർവഹിക്കുന്നു

# തദ്ദേശഭരണതെരഞ്ഞെടുപ്പിലും നിഷേധവോട്ട് വരുന്നു

തദ്ദേശഭരണതെരഞ്ഞെടുപ്പിലും നിഷേധവോട്ട് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്ന കാര്യം സജീവ പരിഗണനയിലാണെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ കെ.ശശിധരൻ നായർ അറിയിച്ചു. ഇതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരുന്നതിന് സംസ്ഥാനസർക്കാരിനോട് ആവശ്യപ്പെടുന്നതാണെന്നും അദ്ദേഹം വ്യക്തമാക്കി. തദ്ദേശഭരണതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമാവബോധം നൽകുന്നതിനുള്ള പരിശീലനപരിപാടിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. അമ്പതുശതമാനത്തിൽ കൂടുതൽ നിഷേധവോട്ടുണ്ടായാൽ ആ തെരഞ്ഞെടുപ്പ് റദ്ദാക്കണമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

റിട്ടേണിംഗ് ഓഫീസർമാർക്കും അസി.റിട്ടേണിംഗ് ഓഫീസർമാർക്കുമാണ് രണ്ടാംഘട്ട പരിശീലനം. തെരഞ്ഞെടുപ്പുതീയതി പ്രഖ്യാപിക്കുന്നതുമുതൽ ഫലപ്രഖ്യാപനം കഴിയുന്നതുവരെയുള്ള നടപടിക്രമങ്ങളെക്കുറിച്ചാണ് പരിശീലനം.ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, ഇലക്ട്രൽ രജിസ്ട്രേഷൻ ഓഫിസർമാർ എന്നിവർക്കായിരുന്നു ആദ്യഘട്ടത്തിൽ പരിശീലനം നൽകിയത്. താഴെ തട്ടിലുള്ള ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കൂടി പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്.

കില ഡയറക്ടർ ഡോ.പി.പി.ബാലൻ, ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, അസോസിയേറ്റ് പ്രൊഫ. ഡോ.പീറ്റർ എം.രാജ്, തെരഞ്ഞെടുപ്പുകമ്മീഷൻ അഡീഷ്ണൽ സെക്രട്ടറി കെ.വി. പ്രഥിരാജ്, ജോയിന്റ് സെക്രട്ടറിമാരായ രാധാകൃഷ്ണകുറുപ്പ്, ഈപ്പൻ ഫ്രാൻസിസ്, കില എക്സ്റ്റൻഷൻ ഫാക്കൽററികളായ എം.കെ. രവീന്ദ്രനാഥ്, കെ.ഗോപാലകൃഷ്ണൻ തുടങ്ങിയവർ ശിൽപ്പശാലയിൽ സംബന്ധിച്ചു. കിലയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന പരിശീലനപരിപാടി ആഗസ്റ്റിൽ തുടങ്ങി ഒക്ടോബറിൽ അവസാനിക്കത്തക്ക വിധത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്.

## അധികാരവികേന്ദ്രീകരണം: ലൈബീരിയ കേരളമാതൃക സ്വീകരിക്കുന്നു

**അ**ധികാരവികേന്ദ്രീകരണം നടപ്പിലാക്കുന്നതിനു കേരള മാതൃക സ്വീകരിക്കാൻ ആഫ്രിക്കൻ രാജ്യമായ ലൈബീരിയ തീരുമാനിച്ചു. കേരള മാതൃക പഠിക്കുന്നതിനു രൂപീകൃതമായ ലൈബീരിയൻ സംഘം അടുത്തുതന്നെ കേരളത്തിലെത്തും. പഠനസംഘത്തിന്റെ എക്സിക്യൂട്ടിവ് ഡയറക്ടർ സ്റ്റീഫൻ എസ് മണലി ഇതുസംബന്ധിച്ച് കിലയുടെ അനുമതി തേടി കത്തയച്ചു. രണ്ടു വിദഗ്ധരുൾപ്പെടെയുള്ള സംഘം ഒരു മാസക്കാലം കിലയിൽ ചെലവഴിച്ച് വിശദമായ റിപ്പോർട്ട് നൽകാനാണ് തീരുമാനം.




മസൂറിയിലെ ഐ.എ.എസ് ട്രെയിനികൾക്ക് ഡോ.**ജെ.ബി.രാജൻ** ക്ലാസ്സെടുക്കുന്നു

# കിലയുടെ പരിശീലനപരിപാടികളിൽ ഐ.എ.എസ് ട്രെയിനികൾക്ക് മതിപ്പ്

**കേരള**ത്തിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കില നടത്തിവരുന്ന വിവിധ പരിശീലനപരിപടികളിൽ മസൂറിയിലെ ഐ.എ.എസ് ട്രെയിനികൾ മതിപ്പുരേഖപ്പെടുത്തി. സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ സേവനനിലവാരം മെച്ചപ്പെടുത്തി ഐ.എസ്.ഒ 9001 :2008 അംഗീകാരം നേടുന്നതിനു കില നടത്തിവരുന്ന പരിശീലന പരിപാടികളെക്കുറിച്ച് ഐ.എ.എസ് ട്രെയിനികൾക്ക് കിലയിലെ പ്ലാനിംഗ്

ആന്റ് ഡെവലപ്മെന്റ് മേധാവി ഡോ. ജെ.ബി രാജൻ പ്രത്യേക ക്ലാസ്സെടുക്കുന്നതിനിടയിലാണ് ട്രെയിനികൾ മതിപ്പു പ്രകടിപ്പിച്ചത്. നൂതനാശയങ്ങളെക്കുറിച്ച് ഐ.എ.എസ് ട്രെയിനികൾക്കു നടത്തുന്ന കോൺഫ്രൻസിൽ വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള 2013 ബാച്ചിലെ 181 പേർ പങ്കെടുത്തു.2007 ൽ ചെറുവണ്ണൂർ- നല്ലളം ഗ്രാമപഞ്ചായത്തിൽ തുടങ്ങിവച്ച ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് ഉദ്യമത്തിന്റെ അനുഭവപാഠങ്ങൾ മറ്റു പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കാനുള്ള കിലയുടെ ശ്രമങ്ങളെ കോൺഫ്രൻസിൽ പങ്കെടുത്തവർ പ്രശംസിച്ചു.

കഴിഞ്ഞ സാമ്പത്തികവർഷം ആകെ 220 ഗ്രാമപഞ്ചായത്തുകൾക്ക് കില പരിശീലനം നൽകിയതിൽ പത്തു പഞ്ചായത്തുകൾ ഇതിനകം ഐ.എസ്.ഒ സർട്ടിഫിക്കറ്റുകൾ നേടിക്കഴിഞ്ഞു. മറ്റു പഞ്ചായത്തുകളിൽ പ്രവർത്തനം പുരോഗമിച്ചുവരുന്നു.



ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കില കാമ്പസിൽ കില ഡയറക്ടർ ഡോ.പി.പി.ബാലന്റെ നേതൃത്വത്തിൽ വൃക്ഷത്തൈ നടുന്നു.



കില ഡെപ്യൂട്ടി ഡയറക്ടർ സ്ഥാനത്തുനിന്നു വിരമിച്ച **ഡി. രാജേന്ദ്രപ്രസാദ്**

# കില ഡെപ്യൂട്ടി ഡയറക്ടർക്ക് യാത്രയയപ്പ്

**കില**യിലെ ഡെപ്യൂട്ടി ഡയറക്ടർസ്ഥാനത്തുനിന്നു വിരമിച്ച ഡി.രാജേന്ദ്രപ്രസാദിനു സഹപ്രവർത്തകർ സ്നേഹനിർഭരമായി യാത്രയയപ്പു നൽകി. 33 വർഷം മുമ്പ് സർവീസിൽ പ്രവേശിച്ച അദ്ദേഹം പതിനെട്ടു വർഷക്കാലം പഞ്ചായത്തു സെക്രട്ടറിയായിരുന്നു. രണ്ടുവർഷക്കാലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായും സേവനമനുഷ്ഠിച്ചു.

യാത്രയയപ്പുയോഗത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷത വഹിച്ചു.ഡെപ്യൂട്ടി ഡയറക്ടർ ജോസ്നമോൾ, അക്കൗൺസ് ഓഫീസർ ആർ.ഗിരിജാദേവി, അസോസിയേറ്റ് പ്രൊഫ. ഡോ. പീറ്റർ എം. രാജ്, അസി.പ്രൊഫ. ഡോ.ജെ.ബി.രാജൻ, എന്നിവർ സംസാരിച്ചു. കിലയുടെ ഉപഹാരം കില ഡയറക്ടർ സമ്മാനിച്ചു.




തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ
സംസ്ഥാന വിദ്യാഭ്യാസവകുപ്പുമന്ത്രി **അബ്ദു റബ്ബ്** ഉദ്ഘാടനം ചെയ്യുന്നു

# വികസനത്തിനു ദീർഘവീക്ഷണത്തോടെയുള്ള പ്ലാനിംഗ് വേണം: മന്ത്രി അബ്ദുറബ്ബ്

**ദീർഘവീക്ഷണത്തോടെയുള്ള** പ്ലാനിംഗും മുൻഗണനാവിഷയങ്ങളുമാണ് വികസനത്തിന് ആദ്യം വേണ്ടതെന്ന് സംസ്ഥാന വിദ്യാഭ്യാസവകുപ്പുമന്ത്രി അബ്ദു റബ്ബ് പറഞ്ഞു. തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വികസനത്തിന്റെ പേരിൽ കിട്ടുന്ന പണം മുഴുവൻ വാർഡുകളിലേക്ക് വിഭജിക്കുന്ന പ്രവണത ശരിയല്ല. ചെലവഴിക്കുന്ന തുക പൂർണ്ണമായും ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കിട്ടുന്നില്ലെന്ന പരാതിയുണ്ട്. പഞ്ചായത്തിനെ മൊത്തത്തിലായി കണ്ട് വൈദ്യുതി, കുടിവെള്ളം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കായുള്ള പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്. ജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം ജനങ്ങളിലേക്കെത്തിക്കാൻ ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കണം. അന്നന്ന് ചെയ്യേണ്ട കാര്യങ്ങൾ അന്നന്നുതന്നെ ചെയ്തുതീർക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ അതു വികസനത്തെ ബാധിക്കും. വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുമ്പോൾ അതിൽനിന്ന് ബോധപൂർവം വിട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകുമെന്നും മന്ത്രി അറിയിച്ചു.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം.രാജ് ആമുഖപ്രഭാഷണം നടത്തി. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുഹറാ മമ്പാട്, മന്ത്രിയുടെ അസി.പ്രൈവറ്റ് സെക്രട്ടറി ഹനീഫ പുതുപറമ്പ്, എസ്.ആർ.ജി. മെമ്പർ അലി മാസ്ററർ, കില അസി.ഡയറക്ടർ കെ.എം. സലിം എന്നിവർ സംസാരിച്ചു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മുഹമ്മദ് ഹനീഫ(എടരിക്കോട്),കെ.ടി.സബിയ(നന്നമ്പ്ര),എം.നഫീസു(തെന്നല), എം.അബ്ദുൾ റഹിമാൻകുട്ടി (തിരൂരങ്ങാടി), അബ്ദുൾ റസാഖ് (പെരുമണ്ണ ക്ലാരി), ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻരുമാരായ കെ.സുലേഖ( വേങ്ങര), മുനീറ അടിയാട്ട്( താനൂർ), ജമീല ടീച്ചർ(തിരൂരങ്ങാടി) എന്നിവർക്കു പുറമെ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും നിർവഹണ ഉദ്യോഗസ്ഥരും ശിൽപ്പശാലയിൽ സംബന്ധിച്ചു. ഉദ്ഘാടനത്തിനുശേഷം കൃഷി, മൃഗസംരക്ഷണം. ക്ഷീരവികസനം, വിദ്യാഭ്യാസം, യുവജനക്ഷേമം, ആരോഗ്യം, ശുചിത്വം, സാമൂഹ്യക്ഷേമം, പശ്ചാത്തലം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് ചർച്ചകളും തുടർന്ന് പൊതുചർച്ചയുമുണ്ടായി.



ശിൽപ്പശാലയിൽ സംബന്ധിച്ച ജനപ്രതിനിധികളും നിർവഹണ ഉദ്യോഗസ്ഥരും



# മാരകമാകുന്ന മാലിന്യവിപത്ത്

മനുഷ്യന്റെ പുരോഗതിയും ജീവിതനിലവാരത്തിലുണ്ടായ വളർച്ചയും നമ്മെ എവിടെകൊണ്ട് എത്തിച്ചിരിക്കുന്നുവെന്ന് ചിന്തിച്ചാൽ അദ്ഭുതപ്പെട്ടുപോകും. പച്ചിലയും മരവുരിയുംകൊണ്ട് നാണം മറച്ച് പ്രകൃതിവിഭവങ്ങൾ ഭക്ഷിച്ച് പ്രകൃതിയോട് ഇണങ്ങി ജീവിച്ച മനുഷ്യൻ, വളർന്നുവളർന്ന് ചിന്തിക്കാൻ പറ്റാത്ത ഉയരങ്ങൾ താണ്ടിയിരിക്കുന്നു. ഈ വളർച്ചക്കിടയിൽ അവർ ജനിച്ചുവളർന്ന പ്രകൃതിക്കു വന്ന മാറ്റങ്ങളും അതിശീഘ്രമായിരുന്നു. മനുഷ്യന്റെ വളർച്ചയ്ക്കും പുരോഗതിക്കുമൊപ്പം വളർത്തിയെടുത്ത വിപത്താണ് മാലിന്യം. പ്രകൃതിയെ കീഴടക്കി നാം കൊയ്തെടുത്ത നേട്ടങ്ങളും വിജയങ്ങളും ഭസ്മാസുരനു വരം ലഭിച്ചതുപോലെ മാലിന്യസൃഷ്ടിയിലൂടെ പ്രകൃതിയെതന്നെ നശിപ്പിച്ചുകൊണ്ട് വളർന്നിരിക്കുന്നു. ലോകം ഇന്നു ഉറ്റുനോക്കുന്നതും പരിഹാരത്തിനായി കേഴുന്നതുമായ ഒരു പ്രതിഭാസമാണ് മാലിന്യസംസ്കരണം.

മാലിന്യങ്ങളെ ജൈവമാലിന്യമെന്നും അജൈവമാലിന്യമെന്നും രണ്ടായി തിരിക്കാം. ജൈവമാലിന്യങ്ങൾ പരിഹരിക്കാനാകുന്ന വിപത്താണ്.നമുക്കുതന്നെ ശ്രദ്ധവച്ചാൽ പരിഹരിക്കാവുന്നത്. നിത്യേനയുണ്ടാകുന്ന ജൈവമാലിന്യങ്ങൾ പ്രതിപ്രവർത്തനത്തിലൂടെ കമ്പോസ്റ്റായോ മണ്ണിര കമ്പോസ്റ്റായോ ബയോഗ്യാസായോ വളമായോ പ്രതിപ്രവർത്തനം ചെയ്തു നശിപ്പിക്കാവുന്നതാണ്. പൊതുസ്ഥലങ്ങളിലും കുടിവെള്ളസ്രോതസ്സുകളിലും വലിച്ചെറിയാതെ പ്രത്യുൽപ്പാദനമാർഗ്ഗത്തിലൂടെ സംസ്കരിച്ചെടുത്താൽ ജൈവമാലിന്യങ്ങളെ നമുക്ക് ഉപകാരപ്രദമാക്കാൻ കഴിയും. അതിനുള്ള ശ്രദ്ധയും ക്ഷമയും ഉണ്ടായാൽ മതി. എന്നാൽ കൊടിയ വിപത്ത് അജൈവമാലിന്യങ്ങളാണ്. ഇവയെ മൂന്നായി തിരിക്കാം. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ. ലോഹരൂപത്തിലുള്ള ഖരമാലിന്യങ്ങൾ. ഇ–മാലിന്യങ്ങൾ.

മനുഷ്യന് ഏററവും ഉപകാരപ്രദമായി കണ്ടെത്തിയ ഒരു വസ്തുവാണ് പ്ലാസ്റ്റിക്ക്. പ്ലാസ്റ്റിക്കില്ലാതെ നമുക്കു ജീവിക്കാൻ കഴിയില്ല. ഒരു വീട്ടിൽ നിത്യേന അഞ്ചു പ്ലാസ്ക്ക് കവറുകളെങ്കിലുമെത്തുന്നു. പച്ചക്കറി വാങ്ങി കൊണ്ടുവരുന്നതിനും പണം സൂക്ഷിക്കുന്നതിനു നാം പ്ലാസ്റ്റിക്ക് വസ്തുക്കളാണ് ഉപയോഗിക്കുന്നത്. ഉപയോഗം കഴിഞ്ഞാൽ ഈ വസ്തുക്കളെല്ലാം പുരയിടങ്ങളിലും പൊതുസ്ഥലങ്ങളിലും കുടിവെള്ള സ്രോതസ്സുകളിലും വലിച്ചെറിയുന്നു. മണ്ണിൽ ലയിക്കാത്ത ഇവ മണ്ണിന്റെ സ്വാഭാവിക ഘടനയെ നശിപ്പിക്കുന്നു. ഓടകൾ നിറഞ്ഞ് പരിസരം മലിനമാക്കുന്നു. കുടിവെള്ള സ്രോതസ്സുകളും നശിക്കുന്നു. പ്രകൃതിയെ നശിപ്പിക്കുന്ന ഇത്ര വലിയ ഭീകരൻ വേറെ ഇല്ലതന്നെ. ഒഴിഞ്ഞ പ്ലാസ്റ്റിക്ക് പാത്രങ്ങളും കവറുകളും കൊതുകിന്റെയും രോഗാണുക്കളുടേയും പ്രഭവകേന്ദ്രങ്ങളായി മാറുന്നു. മണ്ണിൽ ലയിക്കാത്ത പ്ലാസ്ററിക്ക് ഭൂമിക്ക് മറ്റൊരു കവചമായി മാറി പ്രകൃതിയുടെ സന്തുലിതാവസ്ഥതന്നെ മാററി മറിക്കുന്നു. കാലാവസ്ഥാവ്യതിയാനത്തിനും അറിയപ്പെടാത്ത അനേകം പുതിയ രോഗങ്ങൾക്കും ഇതു കാരണമാകുന്നു.

പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ പുരയിടങ്ങളിലും പൊതുസ്ഥലത്തും വലിച്ചെറിയാതെ അവ പൊതുവായി ശേഖരിച്ച് റോഡ് ടാറിങ്ങ് പോലെയുള്ള പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുകയാണ് ഇതിനുള്ള ഒരു പ്രതിവിധി. പ്ലാസ്റ്റിക്ക് ഉപയോഗം പരമാവധി ഒഴിവാക്കാൻ ജനങ്ങളെ ബോധവൽക്കരിക്കണം. നിയമനിർമ്മാണം കൊണ്ടുമാത്രം അറുതിവരുത്താൻ കഴിയുന്ന ഒന്നല്ല പ്ലാസ്റ്റിക്ക് മാലിന്യം. പ്ലാസ്റ്റിക്കിനേക്കാൾ ഭീകരനാണ് ഇ– മാലിന്യം. ഇലക്ട്രോണിക്ക് ഉപകരണങ്ങളില്ലാതെ നമുക്ക് ജീവിക്കാൻ കഴിയില്ല. പോക്കററിൽ ഇടുന്ന മൊബൈൽ ഫോൺ മുതൽ വാഷിംഗ് മെഷീൻ വരെയുള്ള എണ്ണിയാലൊടുങ്ങാത്ത ഉപകരണങ്ങളാണ് നാം നിത്യജീവിതത്തിൽ ഉപയോഗിക്കുന്നത്. ഉപയോഗം കഴിഞ്ഞാൽ ഇവയും നാം പുറംതള്ളുന്നു.നമ്മുടെ സുഖകരജീവിതത്തിന് സഹായികളായ ഈ ഉപകരണങ്ങൾ നാം പുറത്തേക്കു തള്ളുമ്പോളുണ്ടാകുന്ന മാലിന്യത്തിന്റെ ഭീകരത നാം അറിയുന്നില്ല.അല്ലെങ്കിൽ അറിഞ്ഞതായി ഭാവിക്കുന്നില്ല എന്നതാണ് വാസ്തവം. ഇലക്ട്രോണിക്ക് ഉപകരണങ്ങളിൽനിന്നുണ്ടാകുന്ന ഇ–മാലിന്യങ്ങൾ ഭൂമിയിലുണ്ടാക്കുന്ന ഭീകരമായ ദൂഷ്യവശങ്ങളെക്കുറിച്ച് നാം ബോധവാന്മാരാകേണ്ടതുണ്ട്.

ഇ–മാലിന്യഭീകരത മനസ്സിലാക്കിയ പശ്ചാത്യരാഷ്ട്രങ്ങൾ പുറംതള്ളുന്ന ഇലക്ട്രോണിക്ക് ഉപകരണങ്ങൾ പുനർ പ്രക്രിയക്കു എന്ന പേരിൽ ഇന്ത്യയെപ്പോലുള്ള വികസ്വര രാഷ്ട്രങ്ങളിലേക്കു കയറ്റുമതി ചെയ്യുകയാണ് ചെയ്യുന്നത്. ഏകദേശം 200 കോടി രൂപയുടെ ഇ–മാലിന്യങ്ങളാണ് വർഷംതോറും ഇന്ത്യയിലെത്തുന്നത്. റഫ്രി



ജറേറ്റർ,എയർ കണ്ടീഷ്ണർ, കമ്പ്യൂട്ടറുകൾ, കളിപ്പാട്ടങ്ങൾ എന്നീരൂപത്തിലാണ് അവ എത്തിച്ചേരുന്നത്. ഇവയിൽനിന്നുണ്ടാകുന്ന മാരകവിപത്ത് എന്താണെന്നു നാം തിരിച്ചറിയണം. കമ്പ്യൂട്ടർ മോണിറ്ററിലും ടി.വി.യിലും അടങ്ങിയിരിക്കുന്ന ലെഡ് മാരകമായ വിഷപദാർത്ഥമാണ്. ഇവമൂലമുണ്ടാകുന്ന രോഗങ്ങൾ ചികിത്സിച്ചുഭേദമാക്കാൻ പറ്റാത്തവയാണെന്നും നാം തിരിച്ചറിയണം. മനുഷ്യശരീരത്തിലെ നാഡീവ്യവസ്ഥയെതന്നെ തകരാറിലാക്കുന്ന ഈ രാസപദാർത്ഥം രക്തചംക്രമണവ്യവസ്ഥയെ തകരാറിലാക്കുന്നു.വൃക്കകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നു. സകല ജീവജാലങ്ങളുടേയും സസ്യജാലങ്ങളുടേയും വളർച്ച തടയുന്നു. ഇ-മാലിന്യങ്ങളിൽ 40 ശതമാനവും ലെഡ്ഡാണെന്നു കാണാം. ഇതുപോലെതന്നെ മറ്റൊരു ഭീകരവസ്തുവാണ് കാഡ്മീയം സംയുക്തങ്ങൾ. ഇവ ശരീരത്തിൽ പ്രവേശിച്ചാൽ വൃക്കകൾ തകരാറിലാകും. കഴിഞ്ഞ എട്ടു വർഷത്തെ കണക്കെടുത്താൽ ശരാശരി 320 ദശലക്ഷം കമ്പ്യൂട്ടറുകളിൽനിന്നുമാത്രമായി രണ്ടര ദശലക്ഷം പൗണ്ട് കാഡ്മീയം സംയുക്തങ്ങൾ അന്തരീക്ഷത്തിലേക്ക് പുറംതള്ളുന്നതായി കാണാം.


ജലത്തിൽ അതിവേഗം പടരുന്ന മറ്റൊരു വിഷപദാർത്ഥമാണ് മെർക്കുറി.സെൻസറുകൾ, സ്വിച്ചുകൾ, ഡിസ്ചാർജ് ലാമ്പുകൾ, പ്രിന്റഡ് സർക്യൂട്ട് ബോർഡുകൾ മോബൈൽ ഫോൺ, ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ എന്നിവയിൽ മെർക്കുറി അടങ്ങിയിട്ടുണ്ട്. ഇവ മാലിന്യങ്ങളായി ജലത്തിലെത്തുമ്പോൾ അവ പെട്ടെന്ന് ജലത്തിൽ ലയിക്കുകയും ജലത്തിലൂടേയും മത്സ്യത്തിലൂടേയും അതു മനുഷ്യശരീരത്തിലെത്തുന്നു. തലച്ചോറിലും തൊലിയിലും ഇതു ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്നു. തൊലിയിലൂടെ മനുഷ്യശരീരത്തിലെത്തുന്ന മറ്റൊരു വസ്തുവാണ് ക്രോമിയം. സ്റ്റീൽ പ്ലേറ്റിങ്ങ്, അലങ്കാരപാത്രങ്ങൾ, സർക്യൂട്ട്ബോർഡുകൾ എന്നിവയിൽ ക്രോമിയമുണ്ട്.ഇത് ത്വക്‌രോഗങ്ങൾക്കും ശ്വാസകോശരോഗങ്ങൾക്കും കാരണമാകും.

ഇലക്ട്രിക്ക് ഉപകരണങ്ങളുടെ കവർ, സർക്യൂട്ട് ബോർഡുകൾ, കേബിൾ, പ്ലാസ്റ്റിക്ക് എന്നിവയിലെ മുഖ്യഘടകം ബ്രോമിണേറ്റഡ് പദാർത്ഥമാണ്. ഇതിലെ പോളി ബ്രോമിണേറ്റഡ് ഡൈഫിനൈൽ ഈഥർ മനുഷ്യശരീരത്തിനു മാരകമായ അവസ്ഥയുണ്ടാക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതുപോലെതന്നെ പ്ലാസ്റ്റിക്കും പി.വി.സിയും ആരോഗ്യപ്രശ്നങ്ങളുണ്ടാക്കും. മനുഷ്യവിസർജ്യം ജലസ്രോതസുകളിൽ തള്ളുന്നത് ഈകോളിൻ ബാക്ടീരിയക്കു കാരണമാകുമെന്ന് എല്ലാവർക്കുമറിയാം.

ഇപ്രാകരമുണ്ടാകുന്ന മാരകമായ മാലിന്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണംകൊണ്ടുമാത്രം കഴിയുകയില്ല.ശക്തമായ ബോധവൽക്കരണപരിപാടിയിലൂടെ ജനങ്ങളിൽ അവബോധം സൃഷ്ടിക്കണം. നാം ഉപയോഗിക്കുന്ന വസ്തുക്കൾ ആവശ്യം കഴിഞ്ഞാൽ അലക്ഷ്യമായി വലിച്ചെറിയാതെ പ്രത്യേകമായി ശേഖരിക്കുകയും പുനർനിർമ്മാണത്തിനായി അവ ഏതെങ്കിലും ഏജൻസികൾക്കു കൈമാറുകയും ചെയ്താൽ നമ്മുടെ വീടും പരിസരവും മാലിന്യമുക്തമാക്കാൻ കഴിയും. അതുപോലെതന്നെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാനസർക്കാരും മുൻകൈ എടുത്ത് മാലിന്യങ്ങൾ ശേഖരിച്ച് സംസ്ക്കരിക്കാനോ പുനർനിർമ്മാണത്തിനോ സംവിധാനമൊരുക്കേണ്ടതും അത്യാവശ്യമാണ്.ഇങ്ങനെ ചെയ്തില്ലെങ്കിൽ അതു ഭാവിതലമുറയ്ക്ക് ദോഷം ചെയ്യും. ഭൂമിയുടെ ആവാസവ്യവസ്ഥയ്ക്കു താളം തെറ്റും.

**വി.ജി.ശശിധരൻ തത്തപ്പിള്ളി**













## ചോദിക്കൂ പറയാം

**?** ഭവനനിർമ്മാണപദ്ധതിയിൽ പെടുത്തി വീടുകൾ നൽകുമ്പോൾ പന്ത്രണ്ടുവർഷത്തേക്കു കൈമാറ്റം ചെയ്യില്ലെന്ന് കരാർ രജിസ്റ്റർ ചെയ്തുതരണമെന്ന് മാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്യുന്നു. എന്നാൽ അതിനുള്ള റജിസ്ട്രേഷൻ ഫീസും മുദ്രപ്പത്രവിലയും അടക്കം നല്ലൊരു സംഖ്യ വേണം. ഇതിനു ഇളവനുവദിക്കുമോ?

● തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഭവനനിർമ്മാണ പദ്ധതിയിൽ പെടുത്തി വീടുകൾ നൽകുമ്പോൾ അതു പന്ത്രണ്ടു വർഷത്തേക്കു വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ഇല്ലെന്ന് സെക്രട്ടറിക്കു മുമ്പാകെ ഒരു എഗ്രിമെന്റ് റജിസ്റ്റർ ചെയ്തു നൽകണം. ഇപ്രകാരം റജിസ്റ്റർ ചെയ്യുന്നതിനു ആവശ്യമായ റജിസ്ട്രേഷൻ ഫീസും മുദ്രപ്പത്രവിലയും തദ്ദേശഭരണസ്ഥാപനത്തിന്റെ തനതുഫണ്ടിൽനിന്നോ വികസനഫണ്ടിൽനിന്നോ ചെലവുചെയ്യാവുന്നതാണ്.(സർക്കാർ ഉത്തരവ് നമ്പർ (സാധാ) 1050/2014/ത സ്വ ഭ വ.തീയതി 29.4.2014)

**?** എസ്.സി-എസ്.ടി ഫണ്ടിന്റെ പത്തു ശതമാനം യുവജനക്ഷേമത്തിനു നീക്കിവയ്ക്കണമെന്നു പറയുന്നു. എങ്ങനെ അതുപയോഗിക്കാം?

● പട്ടികജാതി-പട്ടികവർഗ വികസനഫണ്ടിന്റെ പത്തുശതമാനം യുവജനക്ഷേമത്തിനു നീക്കിവയ്ക്കണമെന്നു പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖ സ.ഉ.(എം.എസ്)362/2013 ത സ്വ ഭ വ തീയതി 16.11.2013 ഖണ്ഡിക 9.3-(8) നമ്പറായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായം, വിദേശത്ത് തൊഴിൽ തേടൽ എന്നീ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്.എസ്.ടി.എസ്.സി വിഭാഗത്തിൽ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിൽ 25,000 രൂപയും സംസ്ഥാനത്തിനു പുറത്ത് 50,000 രൂപയും പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5,000 രൂപയും സ്ഥാപനത്തിൽനിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്. എസ്.ടി. എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നൽകുന്നതിന് 4,000 രൂപ ധനസഹായം നൽകാം. മറ്റേതെങ്കിലും വകുപ്പിൽനിന്ന് നൽകിയവർക്ക് നൽകാൻ പാടില്ല. നിർദ്ധനരായ കുടുംബത്തിൽ പെട്ടവർക്ക് മുൻഗണന നൽകണം.ഒരിക്കൽ മാത്രമേ ഒരു വിദ്യാർത്ഥിക്ക് ഈ ആനുകൂല്യം നൽകാൻ പാടുള്ളൂ. യുവാക്കൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റിന്റെ പകർപ്പും ഹാജരാക്കുന്ന മുറയ്ക്ക് 10,000 രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജും നൽകാം.പത്താംക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്.

**?** പഞ്ചായത്തിൽനിന്ന് ധനസഹായം നൽകി പണിത വീടുകൾക്ക് വസ്തുനികുതി ചുമത്താമോ?

● സർക്കാർ-അർദ്ധസർക്കാർ- തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ എന്നിവ സൗജന്യമായി നിർമ്മിച്ചു നൽകുന്ന നിശ്ചിത അളവിലുള്ള വാസഗൃഹങ്ങൾ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 207 (ജെ)

**?** തൊഴിൽനികുതി നൽകുന്നതിൽനിന്ന് ഇളവനുവദിക്കുന്നത് ആർക്കൊക്കെയാണെന്നു പറയാമോ?

● അന്ധരായവരെ തൊഴിൽനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(സ.ഉ.(ആർ.ടി.)നമ്പർ 2917/88 ത സ്വ ഭ വ തീയതി. 1.9.1988, സ.ഉ.4656/2000 ത സ്വ ഭ വ തീയതി.27.11.2000). 45 ശതമാനത്തിൽ കൂടുതലുള്ള വികലാംഗരായവരേയും തൊഴിൽനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.(സ.ഉ (ആർ.ടി) 1366/90 തീയതി 27.3.90 ത സ്വ ഭ വ). ബീഡിതൊഴിലാളികൾ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, ഓട്-ഇഷ്ടിക- മൺപാത്രനിർമ്മാണതൊഴിലാളികൾ എന്നിവരേയും ഒഴിവാക്കിയിട്ടുണ്ട്.(സ.ഉ (അ)നമ്പർ 13/2001/ത സ്വ ഭ വ തീയതി.17.1.2001)

**?** പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന എൽ.പി.സ്കൂൾ കഴിഞ്ഞവർഷം ഹൈസ്കൂളാക്കി ഉയർത്തി. എൽ.പി.സ്കൂളിലേയും യു.പി. സ്കൂളിലേയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കാൻ പഞ്ചായത്തിനു പ്രോജക്റ്റു വയ്ക്കാൻ പറ്റുമോ?

● ഹൈസ്കൂളിനോടു ചേർന്ന് എൽ.പി. സ്കൂളോ യു.പി.സ്കൂളോ ഉണ്ടെങ്കിലും അതിന്റെ വികസനകാര്യങ്ങൾ ഒരുക്കേണ്ടത് ജില്ലാപഞ്ചായത്തിന്റെ ചുമതലയാണ്. അതുകൊണ്ട് അവിടത്തെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പ്രോജക്ട് വയ്ക്കാനുള്ള അധികാരം ജില്ലാ പഞ്ചായത്തിനായിരിക്കും.(സർക്കുലർ നമ്പർ 57125/ പി.2/05 ത സ്വ ഭ വ തീയതി 13.1.2006)

**?** ഗ്രാമപഞ്ചായത്തിനു കളിസ്ഥലം വാങ്ങാൻ സർക്കാർ അനുമതി ലഭിച്ചു. മാർക്കറ്റ് വിലയേക്കാൾ കൂടിയ വിലയ്ക്ക് സ്ഥലം വാങ്ങാൻ കഴിയുമോ?

● ഗ്രാമപഞ്ചായത്ത് സ്ഥലം വാങ്ങുന്നതിന് ജില്ലാകലക്ടർ (റവന്യൂ അധികാരികൾ) നിശ്ചയിച്ചു തരുന്ന വിലയ്ക്കാണ് വാങ്ങേണ്ടത്. ആ വിലയ്ക്കു ഭൂമി ലഭ്യമല്ലെങ്കിൽ റവന്യൂ അധികാരികൾ നിശ്ചയിച്ചു തരുന്ന വിലയേക്കാൾ 30 ശതമാനം വരെ അധികരിച്ചു നൽകാൻ പഞ്ചായത്തിനു കഴിയും. ( സർക്കുലർ നമ്പർ 18699/21/06 ത സ്വ ഭ വ തീയതി 21.6.2006)

**?** തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ജനന-മരണ സാക്ഷ്യപത്രം വാങ്ങുന്നതിനുള്ള മുദ്രപ്പത്രത്തിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ? ആറുമാസമാണ് കാലാവധി എന്നു പറയുന്നതു ശരിയാണോ?

● ജനന-മരണ രജിസ്ട്രേഷൻ സാക്ഷ്യപത്രം വാങ്ങുന്നതിനു മുദ്രപ്പത്രത്തിനു കാലാവധി നിശ്ചയിച്ചിട്ടില്ല. വെണ്ടറുടെ പക്കൽനിന്നു മുദ്രപ്പത്രം വാങ്ങിയശേഷം സാക്ഷ്യപത്രത്തിനു അപേക്ഷ നൽകിയാൽ മതി. മുദ്രപ്പത്രത്തിന്റെ കാലപ്പഴക്കം പ്രശ്നമല്ല.(സർക്കുലർ നമ്പർ20955/2004 ആർ.ആർ.ജി/തീയതി.20.10.2004. സർക്കുലർ നമ്പർ 18681/ബി1/2004 തീയതി 6.1.2005, പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.)

**?** ബഡ്സ് സ്കൂൾ കുട്ടികളുടെ ഉന്നമനത്തിന് മെയിന്റനൻസ് ഫണ്ട് വികസനഫണ്ട് എന്നിവ ഉപയോഗിച്ച് ഏതെല്ലാം പദ്ധതി നടപ്പിലാക്കാം.

● മെയിന്റനൻസ് ഫണ്ടുപയോഗിച്ച് ബഡ്സ് സ്കൂളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വർക്ക്ഷെഡ്, ഫർണിച്ചർ, പഠനോപകരണങ്ങൾ, കളിയുപകരണങ്ങൾ, ചികിത്സാ ആനുകൂല്യങ്ങൾ, മരുന്ന് എന്നിവയ്ക്കുള്ള പ്രൊജക്ടുകൾ വയ്ക്കാവുന്നതാണ്. കൂടാതെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് ആരംഭിക്കാം. ജി.ഒ. (എം.എസ്) 144/2013 ത സ്വ ഭ വ തീയതി.6.4.2013) ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്, ബത്ത എന്നിവ നൽകുന്നതിനുള്ള പ്രോജക്ട് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. നിർവഹണം ഗ്രാമപഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കുമായിരിക്കും(ജി.ഒ (എം.എസ്) 362/2013 ത സ്വ ഭ വ തീയതി.16.11.2013)

**?** ഹോട്ടൽ, റസ്റ്റോറന്റ് എന്നിവ നടത്തുമ്പോൾ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ഏർപ്പെടുത്തണമെന്ന് നിർബന്ധമാക്കിയ ഉത്തരവുണ്ടോ?

● ഉണ്ട്. ഇരുപതുസീറ്റിൽ കൂടുതലുള്ള റസ്റ്റോറന്റുകളും ഹോട്ടലുകളും നടത്തുമ്പോൾ അവിടെ പ്രാഥമിക സൗകര്യങ്ങൾക്കുള്ള ടോയ്‌ലറ്റ് നിർബന്ധമാണ്. ആയതിനുള്ള നിബന്ധന സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.(സർക്കുലർ നമ്പർ 49683/ ഡി.സി.2/2009 ത സ്വ ഭ വ തീയതി. 22.8.2009)




കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല
കിലയിൽ **എം.വി.ശ്രേയാംസ് കുമാർ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# വകുപ്പുകളുടെ ഏകോപനമില്ലായ്മ വികസനത്തിനു തടസ്സമാകുന്നു: ശ്രേയാംസ്കുമാർ എം.എൽ.എ

**വ**കുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലാത്തതുകൊണ്ട് പല സുപ്രധാന പദ്ധതികളും ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുകയാണെന്ന് എം.വി.ശ്രേയാംസ് കുമാർ എം.എൽ.എ പറഞ്ഞു. കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശിൽപ്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കൽപ്പറ്റയിലെ മാലിന്യസംസ്കരണപദ്ധതിക്ക് ജനങ്ങളിൽനിന്ന് വേണ്ടത്ര സഹകരണം ലഭിച്ചിട്ടുകൂടി ഇതുവരെ പദ്ധതിക്ക് തുടക്കം കുറിക്കാനായിട്ടില്ലെന്നത് ഖേദകരമാണ്. രൂക്ഷമാകാനിടയുള്ള കുടിവെള്ളപ്രശ്നം പരിഹരിക്കുന്നിതിനാണ് ത്രിതല പഞ്ചായത്തുകൾ മുൻഗണന നൽകേണ്ടത്. എം.പി- എം.എൽ.എ മാരുടെ പ്രവർത്തനങ്ങളുമായി ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം ഏകോപിപ്പിക്കണം. അതു സാദ്ധ്യമാക്കാൻ വകുപ്പുകൾ തമ്മിലുള്ള ഏകോപനവും അനിവാര്യമാണ്. കാപ്പികൃഷികൊണ്ടുമാത്രം ഇനി മുന്നോട്ടു പോകാനാവില്ല. പച്ചക്കറി കൃഷി ഉൾപ്പെടെയുള്ള ഉൽപ്പാദന മേഖലകളിൽ കാര്യക്ഷമമായ ഇടപെടലുകളുണ്ടാകണം. മുൻകൂട്ടി തീരുമാനിച്ചതനുസരിച്ച് കഴിഞ്ഞ എട്ടു വർഷമായി റോഡുനിർമ്മാണത്തിനു എം.എൽ.എ ഫണ്ടിൽനിന്ന് ഒരു പൈസ പോലും ചെലവഴിച്ചിട്ടില്ലെന്ന് എം.എൽ.എ വ്യക്തമാക്കി.

കില ഡയറക്ടർ ഡോ.പി.പി. ബാലൻ അദ്ധ്യക്ഷത വഹിച്ചു. കോഴ്സ് ഡയറക്ടർ ഡോ.പീറ്റർ എം. രാജ്, അസി.ഡയറക്ടർ കെ.എം. സലിം, കൽപ്പറ്റ നഗരസഭ ചെയർമാൻ പി.പി. അലി എന്നിവർ സംസാരിച്ചു. ഉദ്ഘാടനത്തിനുശേഷം ആറുഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പുചർച്ചയും തുടർന്ന് പൊതു ചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു. പ്രൊഫ.ടി.രാഘവൻ ഗ്രൂപ്പുചർച്ചകൾക്ക് നേതൃത്വം നൽകി.

കൽപ്പറ്റ നഗരസഭ, ഗ്രാമപഞ്ചായത്തുകളായ കണിയാമ്പറ്റ, കോട്ടത്തറ, മേപ്പാടി, മൂപ്പൈനാട്, മുട്ടിൽ, പടിഞ്ഞാറെത്തറ, പൊഴുതന, തരിയോട്, വേങ്ങാപ്പള്ളി, വൈത്തിരി, ബ്ലോക്ക് പഞ്ചായത്തുകളായ കൽപ്പറ്റ, പനമരം എന്നിവിടങ്ങളിലെ പ്രസിഡന്റുമാർ, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, നിർവഹണ ഉദ്യോഗസ്ഥർ എന്നിവരാണ് ശിൽപ്പശാലിയിൽ പങ്കെടുത്തത്.



തദ്ദേശഭരണതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിയമാവബോധം നൽകുന്നതിനുള്ള
പരിശീലനപരിപാടിയുടെ ഭാഗമായി കിലയിൽ സംഘടിപ്പിച്ച ഏകദിന ശിൽപ്പശാലയിൽ
സംസ്ഥാന തെരഞ്ഞെടുപ്പു കമ്മിഷൻ **കെ.ശശിധരൻ നായർ** സംസാരിക്കുന്നു




ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സമഗ്രവികസനശിൽപ്പശാല
കിലയിൽ **കെ.കെ.ജയചന്ദ്രൻ** എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# ജനകീയപ്രശ്നങ്ങൾ പരിഹരിക്കുന്നതിലൂടെ മാത്രമേ വികസനം സാദ്ധ്യമാകൂ: കെ.കെ.ജയചന്ദ്രൻ എം.എൽ.എ

ജനങ്ങളനുഭവിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണുന്നതിലൂടെ മാത്രമേ യഥാർത്ഥ വികസനം സാധ്യമാകൂവെന്ന് കെ.കെ. ജയചന്ദ്രൻ എം.എൽ.എ. അഭിപ്രായപ്പെട്ടു.വിഷൻ 2030-ന്റെ ഭാഗമായ ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ സമഗ്രവികസന ശില്പശാല കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഫണ്ടുകൾ ലാപ്സാവുന്നത് ഒഴിവാക്കി വികസനത്തിന്റെ വേഗം കൂട്ടാൻ ദീർഘവീക്ഷണത്തോടെ ക്രിയാത്മകമായ ഇടപെടൽ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.എം.എൽ.എ മാരെ ഒഴിച്ചുനിറുത്തിക്കൊണ്ടുള്ള പ്രാദേശികവികസനം സാധ്യമല്ലെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച കില ഡയറക്ടർ ഡോ.പി.പി.ബാലൻ പറഞ്ഞു.

കില അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർഎം. രാജ്, അസിസ്റ്റന്റ് ഡയറക്ടർ കെ.എം. സലിം എന്നിവർ സംസാരിച്ചു.നിയോജകമണ്ഡലത്തിന്റെ പരിധിയിൽപ്പെട്ട ഗ്രാമ -ബ്ലോക്ക് പഞ്ചായത്തുകളിലെ അദ്ധ്യക്ഷന്മാരും വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും നിർവഹണ ഉദ്യോഗസ്ഥരുമാണ് ശിൽപ്പശാലയിൽ സംബന്ധിച്ചത്. ഉദ്ഘാടനച്ചടങ്ങിനുശേഷം ആറു ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പു ചർച്ചയും തുടർന്ന് പൊതുചർച്ചയുമുണ്ടായി. ചർച്ചകൾ ക്രോഡീകരിച്ച് എം.എൽ.എ സംസാരിച്ചു.



ശിശുസൗഹൃദ പ്രാദേശികഭരണം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കായി
തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ യോഗം കിലയിൽ

# ശിശുസൗഹൃദ പ്രാദേശികഭരണത്തിന് അഞ്ച് ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തു

**ശി**ശുസൗഹൃദ പ്രാദേശികഭരണം എന്ന ലക്ഷ്യത്തിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ അഞ്ച് ഗ്രാമപഞ്ചായത്തുകളേയും നിലമ്പൂർ നഗരസഭയേയും കില തെരഞ്ഞെടുത്തു. പരിശീലനങ്ങൾ തുടർപ്രവർത്തനങ്ങൾ ഗവേഷണങ്ങൾ എന്നിവ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും നഗരസഭയിലും സംഘടിപ്പിക്കും. യൂണിസെഫ് സഹായത്തോടെ കിലയിൽ പ്രവർത്തിക്കുന്ന ചൈൽഡ് റിസോഴ്സ് സെന്ററാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായുള്ള പരിശീലന-ഗവേഷണ-നയരൂപീകരണ പരിപാടികൾ കഴിഞ്ഞ രണ്ടുവർഷമായി ചൈൽഡ് റിസോഴ്സ് സെന്റർ നടത്തിവരികയാണ്. പുല്ലൂർ-പെരിയ (കാസർകോഡ്),നൂൽപ്പുഴ(വയനാട്), പുലാമന്തോൾ(മലപ്പുറം),ശ്രീകൃഷ്ണപുരം (പാലക്കാട്), ഏങ്ങണ്ടിയൂർ (തൃശ്ശൂർ) എന്നിവയാണ് തെലഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾ. കിലയിൽ ചേർന്ന പ്രഥമ യോഗത്തിൽ കില ഡയറക്ടർ ഡോ.പി.പി.ബാലൻ അദ്ധ്യക്ഷനായിരുന്നു. ഡോ.പീറ്റർ എം.രാജ്, കെ.എൽ.സുധാമണി, എം.ജി.കാളിദാസൻ എന്നിവർ സംസാരിച്ചു. പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റഫീക്ക്, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശുഭ സുനിൽ എന്നിവരുൾപ്പെടെയുള്ള ജനപ്രതിനിധികൾ, പഞ്ചായത്ത് സെക്രട്ടറിമാർ, ഐ.സി.ഡി.എസ് സൂപ്പർവൈസർമാർ എന്നിവർ പങ്കെടുത്തു


**KILA News letter** Published By Dr. P. P. Balan, Director, Kerala Institute of Local Administration, Mulankunnathukavu (P.O) Thrissur-680581
(for private circulation only)